"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കോട്ടയം ജില്ലയിലെ പൊൻകുന്നം SHUP സ്കൂളിൽ എൽ.ജി. അറബിക് ടീച്ചറായ ശ്രീമതി. സഫാനിയാ സലിമിന്റെ നിയമനാംഗീകാരം സംബന്ധിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2490/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

---

പരാമർശം:-

1. 29/01/2020 തീയതിയിൽ ശ്രീ. നെജിബ്.OH ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ
2. 30/12/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എഫ്5/2398/20/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ പൊൻകുന്നം SHUP സ്കൂളിൽ എൽ.ജി. അറബിക് ടീച്ചറായ ശ്രീമതി. സഫാനിയാ സലിമിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ശ്രീ. നെജിബ്.ഒ.എച്ച് പരാമർശം 1 അപേക്ഷ സമർപ്പിച്ചിരുന്നു

2. ടിയാളുടെ ഭാര്യ ശ്രീമതി. സഫാനിയാ സലിം, കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള പൊൻകുന്നം SHUP സ്കൂളിൽ എൽ.ജി. അറബിക് ടീച്ചറായി 19.9.2017 മുതൽ ജോലി ചെയ്തുവരുന്നു. ടി സ്കൂളിൽ 1952 മുതൽ പ്രവർത്തിക്കുന്നതാണ്. മതിയായഎണ്ണം കുട്ടികൾ ഉള്ളതുമാണ്. ടി സ്കൂളിൽ വർഷങ്ങളായി അറബി പഠിപ്പിക്കുന്നുണ്ട്. എന്നാൽ ടി നിയമനം നാളിതുവരെ അംഗീകരിച്ചിട്ടില്ല. ആയതിനാൽ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഈ നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ ഉത്തരവ് നൽകി സഹായിക്കണം എന്നാണ് അപേക്ഷയിലെ ആവശ്യം

3. സർക്കാർ മേൽ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. 2014-15 വർഷം വരെ നിലവിലുണ്ടായിരുന്ന അറബിക്ക് തസ്തിക 2015-16 ൽ നഷ്ടപ്പെട്ടുകയും, 2016-17 മുതൽ പർട്ട് ടൈം തസ്തിക അനുവദിക്കുകയും ചെയ്തതായി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .2014-15 വർഷം വരെ ഉണ്ടായിരുന്ന തസ്തിക 2015-16 ൽ നഷ്ടപ്പെട്ട് 2016-17 ൽ അനുവദിച്ചത് അധിക തസ്തികയായി കണക്കാക്കേണ്ടി വരും. ആയതിനാൽ 06/02/21 ലെ സ.ഉ(പി)4/2021/ പൊ.വി.വ ഉത്തരവ് പ്രകാരം നിയമനം പരിഗണിക്കാൻ കഴിയുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ 06/02/21 ലെ സ.ഉ(പി)4/2021/പൊ.വി.വ ഉത്തരവ് പ്രകാരം കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള പൊൻകുന്നം SHUP സ്കൂളിൽ എൽ.ജി. അറബിക് ടീച്ചറായ ശ്രീമതി. സഫാനിയാ സലിമിന്റെ 19.9.17 മുതലുള്ള എൽ.ജി. അറബിക് ടീച്ചറായ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുന്നതിന് കാഞ്ഞിരപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി

ശ്രീമതി. സഫാനിയാ സലിം, എൽ.ജി. അറബിക് ടീച്ചർ, SHUP സ്കൂൾ, പൊൻകുന്നം, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 18-04-2022 16:47:13**
സെക്ഷൻ ഓഫീസർ